DESPATCHED On 10/1/2020

S.R.(1) 10/01/2020


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic@kerala.nic.in


## ഹർജി നമ്പർ AP.No. 1630(5)/19/SIC
## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം
## File No. 13344/SIC-G7/2019

സന്നിഹിത

ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. തോമസ് സ്റ്റീഫൻ,
T.C. No. 30/1026(1),
മോസ്ക് ലെയിൻ, പേട്ട,
തിരുവനന്തപുരം – 24.
} അപ്പീൽ ഹർജിക്കാരൻ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
തിരുവനന്തപുരം കോർപ്പറേഷൻ.

അപ്പീൽ അധികാരി (Revenue Division)
തിരുവനന്തപുരം കോർപ്പറേഷൻ.
} എതിർകക്ഷികൾ

### ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 20.05.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 17.06.2019 |
| ഒന്നാം അപ്പീൽ | 20.06.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | .......... |
| രണ്ടാം അപ്പീൽ | 07.08.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 22.10.2019, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു (പ്രതിനിധി)<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, അപ്പീൽ ഹർജിക്കാരന്റെ അടുത്ത വീടിന്റെ കെട്ടിട നികുതി എത്ര, നികുതി നിശ്ചയിച്ച ഉത്തരവിന്റെ പകർപ്പും, നമ്പറും, തീയതിയും. കെട്ടിട നികുതി പുതുക്കി നിശ്ചയിക്കുന്നതിന് നഗരസഭയുടെ ഉത്തരവനുസരിച്ച് നൽകിയ Self Assessment Form No. 6 ന്റെ പകർപ്പുമാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകുകയും ഉണ്ടായി. തുടർന്ന് 30 ദിവസത്തിനുള്ളിൽ വിവരം ലഭ്യമാക്കാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയിരുന്നു. ഒന്നാം അപ്പീലിന് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് 30 ദിവസത്തിനുള്ളിൽ വിവരം ലഭ്യമായിട്ടില്ല എന്നും നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ അല്ല ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകിയത് എന്നും ആയതുകൊണ്ട് പകർപ്പുകൾ സൗജന്യമായി ലഭ്യമാക്കേണ്ടതാണെന്നും എന്നാൽ 35 ദിവസം കഴിഞ്ഞു നൽകിയ അപൂർണ്ണ വിവരത്തിന് 10/- രൂപ ഫീസ് ഈടാക്കി എന്നും മേപ്പടി വിവരവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കണം എന്നുമാണ് രണ്ടാം അപ്പീലിൽ അറിയിക്കുന്നത്.

4. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർ വിചാരണയ്ക്ക് ഹാജരായ അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, 20.05.2019 ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ശരിയായ രേഖകൾ ഒന്നും തന്നെ കിട്ടിയിട്ടില്ല എന്നും ലഭ്യമായ വിവരങ്ങൾ തന്നെ അപൂർണ്ണവും അവ്യക്തവും ഒഴിഞ്ഞു മാറുന്ന തരത്തിലുള്ളതാണെന്നും ആയതിനാൽ മേപ്പടി വിവരാവകശ അപേക്ഷയിൽ ആവശ്യപ്പെട്ട ശ്രീമതി ദേവകി രാജൻ പുതുതായി നിർമ്മിച്ച കെട്ടിടത്തിന് കെട്ടിട നികുതി എന്നു മുതൽ നിശ്ചയിച്ചു എന്നും, തുക എത്ര എന്നും, നികുതി നിശ്ചയിച്ച ഉത്തരവിന്റെ പകർപ്പും നമ്പരും തിയതിയും സെൽഫ് അസ്സസ്മെന്റിന്റെ പകർപ്പും ലഭ്യമാക്കണമെന്നാണ്. കൂടാതെ കമമീഷൻ ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല എന്നും അറിയിക്കുന്നുണ്ട്.

5. നേർ വിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷിയുടെ പ്രതിനിധി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, 22.10.2019 തീയതി കമ്മീഷൻ മുമ്പാകെ ഹിയറിംഗിന് ഹാജരാകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നോട്ടീസ് 18.10.2019 ന് വൈകുന്നേരം 4.25 നാണ് ഒപ്പിട്ട് എടുത്തത് എന്നും ആയതിനാൽ റിപ്പോർട്ട് ലഭ്യമാക്കി നൽകാൻ കഴിഞ്ഞിരുന്നില്ല എന്നും മേപ്പടി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ഒരു മൂന്നാം കക്ഷി വിവരമായതിനാൽ മൂന്നാം കക്ഷിയോട് സമ്മതം ആവശ്യപ്പെട്ടിരുന്നുവെന്നും മൂന്നാം കക്ഷി വിവരം നൽകുന്നതിൽ വിസമ്മതം അറിയിച്ചിരുന്നു എന്നും അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടം വച്ചത് മുതൽ 2105/- രൂപ നാളിതുവരെ ടാക്സ് ഈടാക്കുന്നുണ്ട് എന്നുമാണ്. കൂടാതെ റ്റി.സി. നമ്പർ 29/1026 നമ്പർ കെട്ടിടത്തിനെ കുറിച്ച് ആണ് ആവശ്യപ്പെട്ടതെന്നും 30/1026 എന്ന നമ്പരിനെ കുറിച്ച് ഇപ്പോഴാണ് അപ്പീൽ ഹർജിക്കാരൻ അറിയിക്കുന്നത് എന്നും അറിയിക്കുന്നുണ്ട്.

6. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 17.06.2019 ൽ മറുപടി തയ്യാറാക്കി എങ്കിലും ഒന്നാം അപ്പീൽ സമർപ്പിച്ചതിന് ശേഷം 21.06.2019 ൽ ആണ് ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകികൊണ്ടുള്ള മറുപടി കിട്ടിയത്. സമയപരിധി കഴിഞ്ഞാണ് ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകികൊണ്ടുള്ള മറുപടി കത്ത് ലഭ്യമായത് എന്നും അന്നേ ദിവസം തന്നെ ഫീസ് ഒടുക്കി നഗരസഭയിലെ R6 സെക്ഷനിൽ പല പ്രാവശ്യം പോയിട്ടും 29.06.2019 തീയതിയിൽ അപൂർണ്ണമായ ഒരു മറുപടി ലഭ്യമായത് എന്നും തുടർന്ന് രേഖകൾ

ലഭ്യമായിട്ടില്ല എന്ന് എസ്.പി.ഐ.ഒ. യെ അറിയിക്കുകയും ചെയ്തിട്ടും രേഖകൾ കിട്ടാത്തതിനെ തുടർന്ന് 16.07.2019 ൽ വീണ്ടും ഒരു അപ്പീൽ കൂടി നൽകുകയും ഉണ്ടായി. വീണ്ടും മറുപടി കിട്ടാത്തതിനെ തുടർന്ന് രണ്ടാം അപ്പീൽ സമർപ്പിക്കാൻ ഇടയായി എന്നുമാണ് അപ്പീൽ ഹർജിക്കാരൻ പരാമർശിച്ചിരിക്കുന്നത്.

7. കൂടാതെ കമ്മീഷൻ ആവശ്യപ്പെട്ടതു പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കുകയോ അതിന്റെ പകർപ്പ് ടിയാന് നൽകുകയോ ചെയ്തിട്ടില്ല. മേൽ പരാമർശവും കമ്മീഷൻ ആവശ്യപ്പെട്ടതു പ്രകാരം റിപ്പോർട്ട് സമർപ്പിക്കാതിരുന്നതും മേപ്പടി വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്തതിൽ ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. വിവരാവകാശ നിയമപ്രകാരം ലഭ്യമായ അപേക്ഷയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി നൽകാതിരുന്നതും കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാതിരുന്നതുമായ ഒന്നാം എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

8. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ ശ്രീമതി ദേവകി രാജന് പേട്ട വാർഡിലുണ്ടായിരുന്ന ഓല മേഞ്ഞ വീട് T.C.30/1026 ആയി 1989 ൽ പൊളിച്ചു കളഞ്ഞിരുന്നു എന്നും അവിടെ തന്നെ 1500 sq.ft. ൽ മറ്റൊരു വീട് നിർമ്മിക്കുകയും ആയതിന് പഴയ വീടിന് നൽകിയിരുന്ന ടാക്സ് തന്നെയാണ് തുടർന്നും നൽകികൊണ്ടിരുന്നത് എന്നും പിടിക്കപ്പെടും എന്ന് ബോദ്ധ്യപ്പെട്ടപ്പോൾ T.C. No. 29/1026 ആയി പാൽക്കുളങ്ങര വാർഡിൽ നികുതി അടക്കുന്നതായി നഗരസഭയെ കബളിപ്പിക്കുന്നു എന്നതാണ് പ്രധാന പരാതി എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. ടിയാന്റെ മേപ്പടി പരാതി കമ്മീഷൻ ഗൗരവത്തിൽ കാണുകയും ചെയ്യുന്നു. ടി സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കേണ്ടതും 29/1026 എന്ന നമ്പരിന്റെ മുൻ നമ്പരാണോ 30/1026 എന്നുള്ളത് സംബന്ധിച്ച് സംശയ നിവൃത്തി വരുത്തേണ്ടതും എതിർകക്ഷിയുടെ ബാധ്യതയാണ് എന്ന് കമ്മീഷൻ വിലയിരുത്തുന്നു. മേൽ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷിക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ കമ്മീഷൻ നൽകുന്നു.

1) ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ ടിയാൻ ആവശ്യപ്പെട്ട വിവരം/പകർപ്പ് ഉൾപ്പെടെ സൗജന്യമായി ടിയാന് നൽകേണ്ടതാണ്.

2) T.C. No. 29/1026 എന്നതും 30/1026 എന്നതും ഒന്നാണോ എന്നത് സംബന്ധിച്ച് അധികൃതർ സ്ഥല പരിശോധന നടത്തി വ്യക്തമായ വിവരം അപ്പീൽ ഹർജിക്കാരന് നൽകേണ്ടതുമാണ്.

9. മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കി യഥാസമയം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 10 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMAT